3330
15/2/18

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ചീഫ് വൈൽഡ് ലൈഫ് വാർഡനായി സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ. കെ.ജെ. വർഗീസ് (IFS)-നെ തിരുവനന്തപുരം ജില്ലയിലെ കോട്ടൂർ ആന പുനരധിവാസ കേന്ദ്രവും, തൃശ്ശൂർ ജില്ലയിലെ പുത്തൂർ സുവോളജിക്കൽ പാർക്കും സ്ഥാപിക്കുന്നതിനുള്ള സ്പെഷ്യൽ ഓഫീസറായി പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പദവിയോടു കൂടി പുനർനിയമന വ്യവസ്ഥയിൽ നിയമിച്ച് കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (ഡി) വകുപ്പ്

സ.ഉ.(കൈ) നം. 74/2018/വനം    തീയതി, തിരുവനന്തപുരം, 14/02/2018

പരാമർശം:- 1)സ.ഉ(കൈ) നം. 16/2012/വനം തീയതി, 24/02/2012.
2)സ.ഉ(കൈ) നം. 10/2014/വനം തീയതി, 17/02/2014.
3)സ.ഉ(പി) നം. 159/2016/വനം തീയതി, 19/10/2016.
4)സ.ഉ.(സാധാ) നം.196/2017/വനം തീയതി, 23/05/2017.
5)സ.ഉ(കൈ) നം. 45/2017/വനം തീയതി, 12/10/2017.
6)സ.ഉ(പി)നം.159/2016/ധനം തീയതി 19.10.2016

<u>ഉത്തരവ്</u>

മനുഷ്യവാസമുള്ള സ്ഥലങ്ങളിൽ കാട്ടാനകൾ ഇറങ്ങി ജീവനും, സ്വത്തിനും നാശനഷ്ടമുണ്ടാക്കുന്നത് വനം വന്യജീവി വകുപ്പിനെ സംബന്ധിച്ചിടത്തോളം പരിഹരിക്കപ്പെടേണ്ട ഒരു പ്രധാന പ്രശ്നമാണ്. ഇപ്രകാരം സ്ഥിരമായി വിളകൾ നശിപ്പിക്കുന്ന ആനകളെ പിടിച്ച് ഉൾക്കാട്ടുകളിലേയ്ക്ക് വിടുകയാണ് ഇപ്പോൾ ചെയ്തുവരുന്നത്. എന്നാൽ, പലപ്പോഴും പിടികൂടപ്പെടുന്ന ആനകൾക്ക് കാട്ടിലേയ്ക്ക് തിരിച്ച് വിടുവാനുള്ള സാദ്ധ്യത ഉണ്ടാകാറില്ല. ഇവയെ പുനരധിവസിപ്പിക്കുകയാണ് ചെയ്യേണ്ടത്. കൂടാതെ നിസ്സഹായാവസ്ഥയിൽ പെട്ടുപോവുകയോ ഉപേക്ഷിക്കപ്പെടുകയോ ചെയ്യുന്ന കുട്ടിയാനകളേയും പുനരധിവസിപ്പിക്കേണ്ടതുണ്ട്. പ്രസ്തുത ആവശ്യത്തിനായി തിരുവനന്തപുരം ജില്ലയിലെ കോട്ടൂരിൽ ഒരു ആന പുനരധിവാസകേന്ദ്രം വനം വന്യജീവി വകുപ്പ് തുടങ്ങിയിട്ടുണ്ട്. ടി ആന പുനരധിവാസകേന്ദ്രത്തിനെ അന്തർദേശീയതലത്തിൽ ഉയർത്തുന്നതിനായി 2017-18-ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ കിഫ്ബി വഴി 105കോടി രൂപ വക മാറ്റിവയ്ക്കപ്പെടുകയുമുണ്ടായി. ടി പദ്ധതിയ്ക്ക് പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം അനുമതിയും നൽകിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി നെയ്യാർ പേപ്പാറ വനം വികസന ഏജൻസിയെ (Forest Development Agency) ആണ് പ്രത്യേക പദ്ധതി നിർവ്വഹണ സ്ഥാപനമായി (Special Purpose Vehicle) ചുമതലപ്പെടുത്തിയിരിക്കുന്നത്.

2) കൂടാതെ തൃശ്ശൂർ നഗരത്തിൽ 5.26 ഹെക്ടർ സ്ഥലത്താണ് തൃശ്ശൂർ മൃഗശ്ശാല ഇപ്പോൾ പ്രവർത്തിക്കുന്നത്. 40 ഇനങ്ങളിൽപ്പെട്ട 700-ഓളം മൃഗങ്ങൾ അവിടെയുണ്ട്. ഇവിടത്തെ സ്ഥലപരിമിതിമൂലം ടി മൃഗശാലയെ വിശാലമായ സ്ഥലത്തേയ്ക്ക്

മാറ്റുന്നതിനായി തൃശ്ശൂരിൽ നിന്നും 12 കി.മീ അകലെ പുത്തൂർ റിസർവ്വ് വനത്തിൽ നിന്നും 136.85 ഹെക്ടർ സ്ഥലം കണ്ടെത്തുകയുണ്ടായി. തൃശ്ശൂർ മൃഗശാലയെ പുത്തൂരിലേയ്ക്ക് മാറ്റി സ്ഥാപിച്ച് സുവോളജിക്കൽ പാർക്കായി വികസിപ്പിക്കുന്നതിന് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം തത്ത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപനം അനുസരിച്ച് തൃശ്ശൂർ മൃഗശാല മാറ്റി സ്ഥാപിക്കുന്നതിനായി പ്രത്യേക നിക്ഷേപ പദ്ധതി (SIS)പ്രകാരം 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പരാമർശം (4) സർക്കാർ ഉത്തരവ് പ്രകാരം തൃശ്ശൂരുള്ള വനം വികസന ഏജൻസിയെ പദ്ധതി നിർവ്വഹണത്തിനായി ചുമതലപ്പെടുത്തുകയും, കിഫ്ബി ഫണ്ടിൽ നിന്നും 130.93 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) കോട്ടൂർ ആന പുനരധിവാസ കേന്ദ്രവും പുത്തൂർ സുവോളജിക്കൽ പാർക്കും സ്ഥാപിക്കുന്നതിനായി വിദഗ്ധനായ ഒരു ഉദ്യോഗസ്ഥന്റെ സേവനവും മേൽനോട്ടവും അനിവാര്യമായതിനാൽ ഒരു സ്പെഷ്യൽ ഓഫീസറുടെ നിയമനം പ്രാധാന്യമർഹിക്കുന്നു. സ്പെഷ്യൽ ഓഫീസറായി നിയമിക്കപ്പെടുന്ന വ്യക്തി ഫോറസ്റ്റ് ഓഫീസറും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് തസ്തികയിലുള്ളതും മേൽപറഞ്ഞ തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കി പ്രവൃത്തിപരിചയവുമുള്ള വ്യക്തിയും ആയിരിക്കണം. ടിയാളുടെ പ്രായം 65-ന് താഴെ ആയിരിക്കണം. സർവ്വീസിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥരേയും കരാർ നിയമനാടിസ്ഥാനത്തിൽ 2 വർഷത്തേയ്ക്ക് നിയമിക്കാവുന്നതാണ്. കരാറടിസ്ഥാനത്തിൽ നിയമിതനാകുന്ന സ്പെഷ്യൽ ഓഫീസർക്ക് വിരമിച്ച ശേഷം പുനർനിയമനം നൽകുന്ന വ്യവസ്ഥയിൽ ഏകീകൃതവേതനം നൽകാവുന്നതാണ്.ഒന്നാം ഗ്രേഡ് തസ്തികയിലെ ഉദ്യോഗസ്ഥർക്ക് അനുവദിച്ചിട്ടുള്ള യാത്രാബത്തയും മറ്റ് അർഹതപ്പെട്ട ബത്തകളും നൽകാവുന്നതാണ്.മറ്റ വകുപ്പുകളേയും സെക്രട്ടേറിയറ്റിനേയും കേന്ദ്രസർക്കാർ ഓഫീസുകളേയും ഏകോപിപ്പിച്ച് പ്രവർത്തിക്കേണ്ടതിനാൽ സ്പെഷ്യൽ ഓഫീസർക്ക് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ പദവി ഉണ്ടായിരിക്കും. സൊസൈറ്റികളുടെ രജിസ്ട്രേഷൻ നടക്കുന്നതുവരെ സ്പെഷ്യൽ ഓഫീസർ ടി പദ്ധതികൾ വനം വകുപ്പ് ഏജൻസി മുഖേന നടപ്പിലാക്കേണ്ടതാണ്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വനം വകുപ്പിൽ നിന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ചീഫ് വൈൽഡ് ലൈഫ് വാർഡനായി വിരമിച്ച ശ്രീ. കെ.ജെ.വർഗീസ്(IFS)-നെ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പദവിയോടുകൂടി, തിരുവനന്തപുരം ജില്ലയിലെ കോട്ടൂർ ആന പുനരധിവാസ കേന്ദ്രവും തൃശ്ശൂർ ജില്ലയിലെ പുത്തൂർ സുവോളജിക്കൽ പാർക്കും സ്ഥാപിക്കുന്നതിനുള്ള സ്പെഷ്യൽ ഓഫീസറായി പുനർനിയമന വ്യവസ്ഥയിൽ നിയമിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടിയാന്റെ പുനർനിയമന വേതനം കെ.എസ്.ആർ. പാർട്ട് III, റൂൾ 100-ന്റെ പുതുക്കിയ നടപടിക്രമമനുസരിച്ച് നിശ്ചയിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വേണു.വി
**പ്രിൻസിപ്പൽ സെക്രട്ടറി**

ശ്രീ. കെ.ജെ. വറുഗീസ് (IFS), പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ

(റിട്ടയേർഡ്), B-12. പണ്ഡിറ്റ് കോളനി, കവടിയാർ പി.ഒ, തിരുവനന്തപുരം
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യ ജീവി) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം........, തീയതി.......)
ധനകാര്യ വകുപ്പ് (അഗ്രി.എ2/7/2018-ഫിൻ തീയതി 27.01.2018)
വിവര പൊതുജനസമ്പർക്ക വകുപ്പ്
(സർക്കാർ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ശേഖരം/ഓഫീസ് കോപ്പി.
പകർപ്പ് :- വനം വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ